// THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 28 | December 2014 | No.9

# എഡിറ്റോറിയൽ

പരിണാമ സിദ്ധാന്തം തെളിയിക്കപ്പെടാത്തതും കാലഹരണപ്പെട്ടതുമായ ഒന്നാണ്. മനുഷ്യന്റെ ഉൽപത്തിയെ സംബന്ധിച്ച് ധാരാളം വിവാദങ്ങൾ ഉയരുവാൻ തുടങ്ങിയിട്ട് ദീർഘനാളുകളായി. ഇപ്പോഴും അത് നിർബ്ബാധം തുടരുകയാണ്. മാനുഷിക ജ്ഞാനത്താൽ ആളുകൾ ദൈവത്തിന്റെ പ്രവൃത്തിയെ മനസിലാക്കുവാൻ ശ്രമിക്കുന്നതാണ് കുഴപ്പം. അടുത്ത സമയത്ത് പരിണാമ സിദ്ധാന്തമാണ് ശരി എന്ന രീതിയിൽ ഒരു പ്രസ്താവന നടത്തിയതായി പത്രത്തിൽ വായിക്കുകയുണ്ടായി. എങ്ങനെയായാലും, ആരെല്ലാം ഏതെല്ലാം വിധത്തിൽ പരസ്യപ്രസ്താവന നടത്തിയാലും ഇല്ലെങ്കിലും യാഥാർത്ഥ്യം യാഥാർത്ഥ്യമായി തുടരും. മനുഷ്യർ വിശ്സിച്ചാലും ഇല്ലെങ്കിലും ദൈവ പദ്ധതിക്ക് മാറ്റം സംഭവിക്കുകയില്ല. മനുഷ്യോൽപത്തിയെ കുറിച്ച് മാത്രമല്ല, മനുഷ്യർ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെല്ലാം വളരെ സ്പഷ്ടമായി ദൈവം വെളിപ്പെടുത്തിയിരിക്കുന്ന ഗ്രന്ഥമാണ് ബൈബിൾ.

തിരുവെഴുത്തുകൾ എല്ലാം ദൈവശ്വാസിയമാണെന്ന് അതിലെ തെളിവുകൾ നോക്കി നമുക്ക് വിശ്വസിക്കാം. ബൈബിളിൽ പോരായ്മകൾ ഉണ്ടെന്ന് വിശ്വസിക്കുന്നവരാണ് ദൈവത്തിന്റെ സൃഷ്ടിത്വത്തെയും സംശയിക്കുന്നതും പരിണാമത്തിൽ ആശ്രയിക്കുന്നതും. ദൈവം സർവ്വജ്ഞാനിയാണ്. അവന്റെ ജ്ഞാനം എന്തെന്ന് മനസിലാക്കുവാൻ ബൈബിൾ പരിശോധിക്കണം. അതായത് ദൈവപരിജ്ഞാനത്തോടുകൂടെ വേണം ദൈവികമായ കാര്യങ്ങൾ ഗ്രഹിക്കുവാൻ. അല്ലെങ്കിൽ പരാജയപ്പെടും എന്ന കാര്യം ഉറപ്പാണ്. കാരണം ദൈവം സത്യവാൻ സകല മനുഷ്യരും

ഭോഷ്ക്ക് പറയുന്നവർ. അതുകൊണ്ട് മനുഷ്യരുടെ ജ്ഞാനത്തിൽ നാം ആശ്രയിക്കരുത് എന്നു ദൈവം തന്നെ കൽപിച്ചിരിക്കുന്നു.

വിശുദ്ധ ബൈബിൾ ആരംഭിക്കുന്നതു തന്നെ ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്നു പറഞ്ഞുകൊണ്ടാണ്. മനുഷ്യനെ ദൈവം മണ്ണുകൊണ്ട് മെനഞ്ഞു ജീവശ്വാസം ഊതുകയും ചെയ്തപ്പോൾ അവൻ ജീവനുള്ള ദേഹിയായി തീർന്നു. വിസ്ഫോടനത്താൽ മൃഗങ്ങൾ ഉണ്ടാകുകയും പിന്നിട് പരിണാമം സംഭവിച്ച് ഇന്നു കാണുന്ന മനുഷ്യരുണ്ടായി എന്നു പറയുന്നതിന്റെ യുക്തി തെളിയിക്കുവാൻ അത്തരക്കാർക്ക് കഴിയുന്നില്ല. തന്നെയുമല്ല, ഒരിക്കൽ പരിണാമം സംഭവിച്ചുവെങ്കിൽ പിന്നീട് എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നില്ല എന്ന ചോദ്യത്തിനും അവർക്ക് ഉത്തരമില്ല. മനുഷ്യന്റെ ഉത്ഭവത്തെ കുറിച്ചു മാത്രമല്ല സകലത്തിന്റേയും ഉത്ഭവം എങ്ങനെയായിരുന്നു എന്ന് ദൈവം വെളിപ്പെടുത്തിയിരിക്കുകയാണ്. സർവ്വശക്തനായ ദൈവം ആറു ദിവസം കൊണ്ടു തന്റെ സൃഷ്ടിത്വം പൂർത്തിയാക്കി. ആറു ദിവസം കൊണ്ട് ദൈവം എങ്ങനെ തന്റെ നിർമ്മാണ പ്രക്രിയ പൂർത്തിയാക്കി എന്നും സംശയിക്കുന്നവർ കണ്ടേക്കാം. മനുഷ്യന് ആദ്യമായി വിശ്വാസമാണ് ആവശ്യം. ദൈവത്തിൽ വിശ്വാസമില്ലാത്തവർക്ക് സകലവും സംശയമായിരിക്കും.

ദൈവം അദൃശ്യനാണ്, അതുകൊണ്ട് ആളുകൾക്ക് കാണുവാനോ നേരിട്ട് കണ്ട് തൃപ്തിയടയുവാനോ സാധ്യമല്ല. ചരിത്രപരമായും ശാസ്ത്രീയപരമായും പ്രവചനപരമായും തെളിവോടു കൂടെ വെളിപ്പെടുത്തിയിരിക്കുന്ന സത്യമാണ് വചനം. മനുഷ്യരാൽ എഴുതപ്പെട്ടതാണെങ്കിലും ദൈവശ്വാസിയമായ തിരുവെഴുത്തുകൾ നമ്മെ ദൈവത്തെയും അവന്റെ പ്രവൃത്തികളെയും മനസിലാക്കുവാൻ സഹായിക്കുന്നതാണ്. നമ്മുടെ ജീവനും ഭക്തിക്കും വേണ്ടിയത് ഒക്കെയും അതിലുണ്ട്. നാം അതാണ് പരിശോധിക്കേണ്ടത്. പിതാവായ ദൈവവും പുത്രനായ ദൈവവും പരിശുദ്ധാത്മാവായ ദൈവവും സൃഷ്ടിത്വത്തിൽ പങ്കു ചേർന്നിരുന്നു. അങ്ങനെയാണ് ഈ പ്രപഞ്ചത്തിലുള്ള എല്ലാം ഉളവായത്. ദൈവത്തിന് അസാധ്യമായത് ഒന്നുമില്ല. പിതാവിനേയും അവൻ അയച്ച പുത്രനേയും വിശ്വസിച്ച് പാപങ്ങളെ ഉപേക്ഷിച്ച് യേശു ദൈവപുത്രനാണെന്ന് ഏറ്റുപറഞ്ഞ് പാപമോചനത്തീനായി സ്നാനമേൽക്കുകയും ചെയ്യുക.

# ബൈബിളിലെ സഭ

## *J.C.* ചോട്ട്

സഭ ഒരു രാത്രികൊണ്ട് ഉണ്ടായതല്ല. സഭയെ സംബന്ധിച്ച് ആളുകൾക്കിടയിൽ ധാരാളം തെറ്റിദ്ധാരണകളുണ്ട്. ശരിയായ അറിവില്ലാത്ത പലകാര്യങ്ങൾ ഉള്ളതിൽ ഒന്നാണ് സഭ. ഒരു തെറ്റിദ്ധാരണയും വെച്ചുകൊണ്ടിരിക്കേണ്ടതല്ല. കാരണം ശരിയായ അറിവ് ലഭ്യമായിരിക്കുന്നു. ദൈവികസത്യം നമ്മൾ അറിയുവാൻ ആവശ്യമായതെല്ലാം വെളിപ്പെടുത്തിയിരിക്കുകയാണ്. ദൈവം ആദ്യം പദ്ധതി തയ്യാറാക്കുകയും പ്രവചിക്കുകയും, വാഗ്ദാനം ചെയ്കയും ചെയ്ത ശേഷമാണ് അതിനെ സ്ഥാപിച്ചത്. തിരുവെഴുത്ത് അവയെല്ലാം വളരെ വ്യക്തമായി പ്രതിപാദിച്ചിരിക്കുകയാണ്. ലോകത്തിൽ ആളുകൾ പലവിധത്തിലുള്ള ഊഹാപോഹങ്ങളും പരത്തിയിരിക്കുകയാണ്. അതേ സമയം ബൈബിളിലെ സഭയെ അധികം പേർക്കും അറിയുകയില്ല എന്നത് പരമാർത്ഥം ആണ്. ഈ ലോകത്തിന്റെ പ്രഭു ആളുകളുടെ മനസ് കൂരുടാക്കി വെച്ചിരിക്കുകയാണ്.

ഒന്നാമത് സഭ ദൈവ മനസിൽ ഉണ്ടായിരുന്നു. എഫെസൊസിലുള്ള വിശുദ്ധന്മാർക്ക് അപ്പൊസ്തലനായിരുന്ന പൗലൊസ് ആ സത്യം വെളിപ്പെടുത്തി കൊടുത്തു. അവൻ പറഞ്ഞു, "സ്വർഗത്തിൽ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ. നാം തന്റെ സന്നിധിയിൽ വിശുദ്ധരും വിഷ്ക്കളങ്കരും ആകേണ്ടതിന്ന് അവൻ ലോകസ്ഥാപനത്തിന്നു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന്ന് അവൻ പ്രിയനായവനിൽ നമുക്ക് സൗജന്യമായി നൽകിയ തന്റെ കൃപാമഹത്വത്തിന്റെ സ്നേഹത്തിൽ നമ്മെ മുൻനിയമിക്കയും ചെയ്തുവല്ലൊ" (എഫെ. 1:3-6). അവരെ ദൈവം ലോകസ്ഥാപനത്തിനു മുൻപെ തിരഞ്ഞെടുത്തു എന്നാണ് പറയുന്നത്. ലോകത്തെ സൃഷ്ടിക്കുന്നതിനു മൻപ് തന്നെ ദൈവം സഭയെ കുറിച്ച് ചിന്തിച്ചിരുന്നു. അതായത് ദൈവ മനസിൽ സഭയെ കുറിച്ചുള്ള ചിന്ത ആരംഭം മുതൽ ഉണ്ടായിരുന്നു എന്നു സ്പഷ്ടം.

രണ്ടാമത്, സഭയെ കുറിച്ച് പല സന്ദർഭങ്ങളിലായി പ്രവചിച്ചിരുന്നു. യെശയ്യാവ് പറഞ്ഞു, "അന്ത്യകാലത്ത് യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്ക് മീതെ ഉന്നതവും ആയിരിക്കും. സകല ജാതികളും അതിലേക്ക് ഒഴുകിച്ചെല്ലും. അനേകവംശങ്ങളും ചെന്നു വരുവിൻ, നമുക്ക് യഹോവയുടെ പർവ്വതത്തിലേക്ക്, യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്ക് കയറിച്ചെല്ലാം അവൻ നമുക്ക് തന്റെ വഴികളെ ഉപദേശിച്ചു തരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽനിന്ന് ഉപദേശവും യെരുശലേമിൽനിന്ന് യഹോവയുടെ വചനവും പുറപ്പെടും" (യെശ. 2:2, 3). യോവേൽ പ്രവാചകൻ പറഞ്ഞു, "അതിന്റെ ശേഷമോ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും; നിങ്ങളുടെ യവ്വനക്കാർ ദർശനങ്ങളെ ദർശിക്കും." (യോവേൽ 2:28, 29).

ദാനിയേൽ പ്രവാചകനും പ്രവചിച്ചു, "ഈ രാജാക്കന്മാരുടെ കാലത്ത് സ്വർഗസ്ഥനായ ദൈവം ഒരുനാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും; അത് ഈ രാജത്വങ്ങളെ ഒക്കെയും തകർത്ത് നശിപ്പിക്കയും എന്നേക്കും നിലനിൽക്കയും ചെയ്യും" (ദാനിയേൽ 2:44). ഇനി ഈ മുൻപറഞ്ഞ വാക്യങ്ങളിൽ നിന്നും ചില തീർപ്പുകളിലെത്താം. (1) രാജ്യം അന്ത്യനാളുകളിലാണ് സ്ഥാപിതമാകുന്നത്. (2)അത് പർവ്വതങ്ങളുടെ മുകളിലായിരിക്കും സ്ഥാപിതമാകുന്നത്. (3) സകല ജാതികളും അതിലേക്ക് ഒഴുകിയെത്തും. (4) കർത്താവ് സകല ജഡത്തിന്മേലും തന്റെ ആത്മാവിനെ പകരും.(5) ലോകത്ത് നാലാമത്തെ സാമ്രാജ്യം നിലനിൽക്കുമ്പോഴായിരിക്കും അത് സ്ഥാപിതമാകുക. (6) അത് മറ്റെല്ലാ രാജ്യങ്ങളെയും എന്നേക്കുമായി തകർത്തുകളയും. ഇനി ഇതെല്ലാം എവിടെയാണ് നിറവേറുന്നത് എന്നു നോക്കണം? അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം അദ്ധ്യായം 2 വായിക്കുക.

മൂന്നാമത്, സഭ വാഗ്ദാനം ചെയ്യപ്പെട്ടിരുന്നു. ദൈവരാജ്യം ആസന്നമായിരിക്കുന്നു എന്നായിരുന്നു യോഹന്നാൻ പ്രസംഗിച്ചത് (മത്തായി. 3:2). അതിനർത്ഥം അത് അടുത്തിരിക്കുന്നു, അല്ലെങ്കിൽ അത് പെട്ടെന്നു തന്നെ സ്ഥാപിതമാകും എന്നർത്ഥം. ക്രിസ്തു

വാഗ്ദാനം ചെയ്തു പറഞ്ഞു, "നീ പത്രൊസ് ആകുന്നു, ഈ പാറ മേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോട് പറയുന്നു" (മത്തായി 16:18). പിന്നെ യേശു ശിഷ്യന്മാരോട് പറഞ്ഞു, "ദൈവരാജ്യം ശക്തി യോടുകൂടെ വരുന്നത് കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ നിൽക്കുന്നവരിൽ ഉണ്ട് എന്നു ഞാൻ സത്യമായിട്ട് നിങ്ങ ളോട് പറയുന്നു" (മർക്കൊസ് 9:1). "ക്രിസ്തു കഷ്ടം അനുഭവി ക്കയും മൂന്നാം നാൾ മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേൽക്കു കയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരൂ ശലേമിൽ തുടങ്ങി സകലജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു. അതിന് നിങ്ങൾ സാക്ഷികൾ ആകുന്നു. എന്റെ പിതാവ് വാഗ്ദത്തം ചെയ്തത് നിങ്ങളുടെ മേൽ അയക്കും.നിങ്ങളോ ഉയരത്തിൽനിന്ന് ശക്തി ധരിക്കുവോളം നഗര ത്തിൽ തന്നെ പാർപ്പിൻ എന്നും അവരോട് പറഞ്ഞു" (ലൂക്കൊസ് 24:46- 49).

ദൈവരാജ്യം അടുത്തിരിക്കുന്നു. താൻ മരിക്കുമെങ്കിലും രാജ്യം പണിയുമെന്ന് വാഗ്ദാനം ചെയ്തു. രാജ്യം ശക്തിയോടുകൂടി സ്ഥാപിതമാകുന്നത് ക്രിസ്തു പറഞ്ഞപ്പോൾ ജീവിച്ചിരിക്കുന്ന ചിലർ കാണും എന്നു പറഞ്ഞിരുന്നു. മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകലജാതികളിലും പ്രസംഗിക്കപ്പെടണം. അത് യെരുശലേമിലാണ് ആരംഭിക്കുന്നത്. അവയെല്ലാം മനസിൽ വെച്ചുകൊണ്ട് അപ്പൊസ്തലപ്രവൃത്തികൾ അദ്ധ്യായം 2 വായിച്ചാൽ സഭ ആരംഭിക്കുന്ന ദിവസം ഇതെല്ലാം നിറവേറുന്നതായി നിങ്ങൾക്ക് മനസിലാകും. പ്രവചിക്കപ്പെട്ടതുപോലെ, വാഗ്ദാനം ചെയ്തതുപോ ലെ, സഭ ആരംഭിക്കുന്നത് ആത്മിയമായി രാജ്യ സ്ഥാപനമായിരു ന്നു. കാരണം സഭയും രാജ്യവും ഒന്നു തന്നെയാണ്. രണ്ട് പ്രവർത്ത നങ്ങൾ ഒരു സ്ഥാപനത്തിൽ നടക്കുന്നു. അല്ലെങ്കിൽ രണ്ട് പേരുക ളിൽ അറിയപ്പെടുന്നത് ഒരേ സ്ഥാപനമാണ്. സഭയുടെ തല ക്രിസ്തു വാണ്, ആത്മിയമായി കർത്താവ് ആണ് സഭയുടെ തല. യുദ്ധത്തിൽ ജയിച്ചാണ് രാജാവ് വിജയം ആഘോഷിക്കുന്നത്. യേശു സാത്താനോട് പടവെട്ടിയാണ് ജയിച്ചത്. കർത്താവിന്റെ ഭരണമാണ് സഭയിൽ നടക്കുന്നത്.

# യഹോവയുടെ സൈന്യം

## ഡബ്ല്യു. ഏ. ഹോളേ

ഇന്ന് നാം ജീവിച്ചിരിക്കുന്നത് പുതിയ നിയമത്തിൻ കീഴിലാണെങ്കിലും പഴയ നിയമത്തിലെ പല കാര്യങ്ങളും എഴുതി ഇന്നും സൂക്ഷിച്ചിരിക്കുന്നത് നമ്മുടെ പ്രയോജനത്തിന് വേണ്ടിയാണ് (റോമർ 15:4; 1 കൊരിന്ത്യർ 10:11). പഴയ നിയമത്തിന്റെ പ്രതീക്ഷയും പ്രത്യാശയും ഉറപ്പിക്കുന്നത് പുതിയ നിയമത്തിലാണ്. യേശു വന്നത് വാഗ്ദാനങ്ങൾ നിറവേറ്റുവാനായിരുന്നു, അതായത് പഴയനിയമത്തിലെ വാഗ്ദാങ്ങൾ നിറവേറ്റുവാൻ (മത്തായി. 5:17–19; ലൂക്കൊസ് 16:16, 17). പുതിയനിയമത്തിലെ പല കാര്യങ്ങളും പഴയനിയമം ഇല്ലെങ്കിൽ നമുക്ക് മനസിലാക്കുവാൻ പ്രയാസമാണ്. ഉദാഹരണമായി, യേശു പറഞ്ഞു, “ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവിൻ” (ലൂക്കൊസ് 17:32). പഴയ നിയമം നമുക്ക് ഇല്ലായിരുന്നുവെങ്കിൽ ആ കൽപന അനുസരിക്കുവാൻ നമുക്ക് സാധ്യമല്ലാതാകുമായിരുന്നു. ആ ചരിത്രസംഭവം മനസിലാക്കുവാൻ ഉൽപത്തി 19–ാം അദ്ധ്യായം വായിക്കുക. പഴയ നിയമം പൂർത്തീകരിക്കപ്പെടുന്നത് പുതിയ നിയമത്തിലാണ്.

ശബ്ബത്ത് എന്ന വാക്ക് പുതിയനിയമത്തിൽ രണ്ട് പ്രാവശ്യം പറഞ്ഞിരിക്കുന്നു (റോമർ 9:29; യാക്കൊബ് 5:4). അത് ഒരു എബ്രായ വാക്കാണ്, അർത്ഥം സൈന്യങ്ങൾ എന്നാണ്. മോശെയുടെ നേതൃത്വത്തിൽ യോർദ്ദാൻ നദി കടന്നു ദൈവം ഒരു വലിയ വിജയം ദൈവജനത്തിന് നേടിക്കൊടുത്തു (പുറ. 15:3, 13–18). അങ്ങനെ തന്നെ അറിയുകയും, ബഹുമാനിക്കുകയും, അനുസരിക്കുകയും ചെയ്യുന്നവരെ അവൻ അനുഗ്രഹിക്കുമെന്ന് കാണിച്ചുകൊടുത്തു. “യഹോവ യുദ്ധവീരൻ, യഹോവ എന്നു തന്നെ അവന്റെ നാമം” (പുറ. 15:3). പിന്നെ ദൈവം വാഗ്ദാനം ചെയ്ത ദേശത്ത് തന്റെ ജനം എത്തിയപ്പോൾ അവിടെയും അവർക്കു വേണ്ടി അവന് യുദ്ധം ചെയ്യേണ്ടി വന്നു. അവിടെ ജീവിച്ചിരുന്ന ജനം വിഗ്രഹാരാധകരും അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുമായിരുന്നു. അവരെയെല്ലാം അവിടെനിന്നു ഓടിക്കുവാനായിരുന്നു ദൈവം യിസ്രായേൽമക്കളോട് പറഞ്ഞത്. കാരണം അവരുമായി ചേർന്നാൽ അവരുടെ തെറ്റായ പല കാര്യങ്ങളും അവർ അനുകരിക്കുവാനിടയാകും.

യോശുവാ യെരീഹോവിനെ ആക്രമിക്കുവാൻ ചെന്നപ്പോൾ അവൻ അസാധാരണമായി ഒരു കാഴ്ച്ച കണ്ടു. ഊരി പിടിച്ച വാളുമായി ഒരു മനുഷ്യൻ നിൽക്കുന്നതാണ് കണ്ടത്. നമുക്ക് ആ സംഭവം വിവരിച്ചിരിക്കുന്നത് വായിക്കാം. "യോശുവ യെരീഹോവിന്നു സമീപത്തു ഇരിക്കുമ്പോൾ തലയുയർത്തി നോക്കി; ഒരു ആൾ കയ്യിൽ വാൾ ഊരിപ്പിടിച്ചുകൊണ്ട് അവന്റെ നേരെ നിൽക്കുന്നതു കണ്ടു; യോശുവ അവന്റെ അടുക്കൽ ചെന്നു അവനോട്, 'നീ ഞങ്ങളുടെ പക്ഷക്കാരനോ ശത്രുപക്ഷക്കാരനോ എന്നു ചോദിച്ചു. അതിന്ന് അവൻ അല്ലാ, ഞാൻ യഹോവയുടെ സൈന്യത്തിന്റെ അധിപനായി ഇപ്പോൾ വന്നിരിക്കുന്നു എന്നു പറഞ്ഞു. അപ്പോൾ യോശുവ സാഷ്ടാംഗം വീണു നമസ്കരിച്ചു അവനോട്, കർത്താവിന്ന് അടിയനോടുള്ള കൽപന എന്ത് എന്നു ചോദിച്ചു. യഹോവയുടെ സൈന്യത്തിന്റെ അധിപതി അവനോട്, നിന്റെ കാലിൽനിന്ന് ചെരിപ്പ് അഴിച്ചുകളക. നീ നിൽക്കുന്ന സ്ഥലം വിശുദ്ധമാകുന്നു എന്നു പറഞ്ഞു; യോശുവ അങ്ങനെ ചെയ്തു" (യോശുവ 5:13-15).

ദാവീദ് രാജാവ് ജനത്തെ എണ്ണിയത് തെറ്റായിപ്പോയത് എന്തുകൊണ്ടാണെന്ന് ഇതു വിശദമാക്കുന്നു. "യഹോവയുടെ കോപം വീണ്ടും യിസ്രായേലിന്നു നേരെ ജ്വലിച്ചു. നീ ചെന്നു യിസ്രേലിനെയും യെഹൂദയെയും എണ്ണുക എന്നിങ്ങനെ അവർക്ക് വിരോധമായി ദാവീദിന്നു തോന്നിച്ചു. അങ്ങനെ രാജാവ് തന്റെ സൈന്യാധിപതിയായ യോവാബിനോട്, ദാൻ മുതൽ ബേർശേബ വരെ യിസ്രായേൽ ഗോത്രങ്ങളിൽ ഒക്കെയും നിങ്ങൾ സഞ്ചരിച്ച് ജനത്തെ എണ്ണി ജനസംഖ്യ എന്നെ അറിയിപ്പിൻ എന്നു കൽപിച്ചു. രാജകൽപനയായതുകൊണ്ട് യോവാബിന് അത് അനുസരിക്കേണ്ടി വന്നു. ജനസംഖ്യ എടുത്തുകഴിഞ്ഞപ്പോൾ ദാവീദിന് കുറ്റബോധം ഉണ്ടായി അവൻ ദൈവത്തോട് മാപ്പ് അപേക്ഷിച്ചു. എന്നാൽ വീണ്ടും രാജാവിനെ പ്രതിസന്ധിയിലാക്കി ദൈവം അവനോട് മൂന്നു കാര്യങ്ങളിൽ ഒന്നു തിരഞ്ഞെടുക്കുവാൻ ആവശ്യപ്പെട്ടു. എന്നാൽ മനുഷ്യരുടെ കയ്യിൽ അകപ്പെടുന്നതിനേക്കാൾ യഹോവയുടെ കയ്യിൽ വീഴുന്നതാണ് അവൻ തിരഞ്ഞെടുത്തത്. അങ്ങനെ ദൈവം നിശ്ചയിച്ച സമയം വരെ ജനത്തൊക്കെയും മഹാ മാരി അയച്ചു. ദാവീദ് ദൈവത്തോട് വീണ്ടും കരഞ്ഞ് അപേക്ഷിക്കുകയായിരുന്നു.

പഴയ നിയമത്തിലെ രണ്ട് പ്രവാചകന്മാരിൽകൂടെ തന്റെ ഭുജ വീര്യം എങ്ങനെ പ്രാവർത്തികമാക്കുമെന്ന് കാണിച്ചു കൊടു ത്തു.ദൈവം തന്റെ ശക്തി എന്തെന്നും അതെങ്ങനെ പ്രവർത്തിക്കു മെന്നും അന്ന് അവർക്ക് വെളിപ്പെടുത്തി. "അപ്പോൾ ഏലിയാവ് തന്റെ പുതപ്പ് എടുത്ത് മടക്കി വെള്ളത്തിൽ അടിച്ചു; അത് അങ്ങോട്ടും ഇങ്ങോട്ടും പിരിഞ്ഞു; അങ്ങനെ അവർ ഇരുവരും ഉണ ങ്ങിയ നിലത്തുകൂടി അക്കരെക്ക് കടന്നു. അവർ അക്കരെ കടന്ന ശേഷം ഏലിയാവ് ഏലിശായോട് ഞാൻ നിങ്കൽനിന്ന് എടുത്തു കൊള്ളപ്പെടുന്നതിനു മുമ്പെ ഞാൻ നിനക്ക് എന്തു ചെയ്തു തരേണം? ചോദിച്ചുകൊൾക എന്നു പറഞ്ഞു. അതിന്ന് ഏലീശാ ഏലിയാവിനോട്, നിന്റെ ആത്മാവിൽ ഇരട്ടി പങ്ക് എന്റെ മേൽ വരു മാറാകട്ടെ എന്നു പറഞ്ഞു. അതിന്ന് അവൻ നീ പ്രയാസമുള്ള കാര്യ മാകുന്നു ചോദിച്ചത്. ഞാൻ നിങ്കൽനിന്ന് എടുത്തുകൊള്ളപ്പെടു മ്പോൾ, നീ എന്നെ കാണുന്നുവെങ്കിൽ നിനക്ക് അങ്ങനെ ഉണ്ടാകും; അല്ലെന്നു വരികിൽ ഉണ്ടാകുകയില്ല എന്നു പറഞ്ഞു (2 രാജാക്ക ന്മാർ 2:8-12).

സുറിയക്കാർ യിസ്രായേലിനെ ആക്രമിച്ച് കീഴ്പ്പെടുത്തുവാ നായി വന്നു. അവർ വിചാരിച്ചു സാഹചര്യം ഇപ്പോൾ യാതൊരു പ്രതീക്ഷയുമില്ലാതായിരിക്കുന്നു. എന്നാൽ ഏലിയാവ് പ്രാർത്ഥിച്ചു, "യഹോവേ ഞാൻ കാണത്തക്കവണ്ണം ഇവന്റെ കണ്ണുതുറക്കേണ മേ. യഹോവ ബാല്യക്കാരന്റെ കണ്ണു തുറന്നു; ഏലീശയുടെ ചുറ്റും അഗ്നിമയമായ കുതിരകളും രഥങ്ങളും കൊണ്ട് നിറഞ്ഞിരിക്കുന്നത് അവൻ കണ്ടു. അവർ അവന്റെ അടുക്കൽ വന്നപ്പോൾ, ഏലീശാ യഹോവയോട് പ്രാർത്ഥിച്ചു. ഈ ജാതിയെ അന്ധത പിടിപ്പിക്കേ ണമേ എന്നു പറഞ്ഞു. ഏലിശായുടെ അപേക്ഷപ്രകാരം അവൻ അവരെ അന്ധത പിടിപ്പിച്ചു. ഏലിശാ അവരോട് ഇതല്ല വഴി; പട്ട ണവും ഇതല്ല; എന്റെ പിന്നാലെ വരുവിൻ; നിങ്ങൾ അന്വേഷിക്കുന്ന ആളുടെ അടുക്കൽ ഞാൻ നിങ്ങളെ കൊണ്ടുപോകാം എന്നു പറ ഞ്ഞു. അവൻ അവരെ ശമര്യയിലേക്ക് കൂട്ടിക്കൊണ്ടുപോയി. ശമര്യ മദ്ധ്യത്തിൽ എത്തിയപ്പോൾ ഏലിശാ അവരുടെ കണ്ണു തുറക്കേ ണമെ എന്നു പ്രാർത്ഥിക്കുകയും അവർക്ക് കാഴ്ച്ച തിരികെ ലഭി ക്കുകയും ചെയ്തു. ദൈവത്തിന്റെ ശക്തി അപാരം.

ദൈവം തന്റെ ജനത്തിന് വേണ്ടി യുദ്ധം ചെയ്യുന്നത് എങ്ങനെയെന്ന് ഗിദെയോന്റെ അനുഭവത്തിൽ അവൻ കാണിച്ചുകൊടുത്തു. മിദ്യാന്യർ യിസ്രായേലിന്റെ ജീവിതം ദുസഹമാക്കി. അങ്ങനെ അവർ ഗുഹകളിലും മറവിടങ്ങളിലും ഒളിച്ചു പാർക്കുവാൻ തുടങ്ങി. ഒരു ലക്ഷത്തി ഇരുപതിനായിരം പുരുഷ പടയാളികളായിരുന്നു മിദ്യാന്യർക്ക് ഉണ്ടായിരുന്നത് (ന്യായാധിപന്മാർ 8:10). ഗിദെയോന് മുപ്പത്തീരായിരം പടയാളികളാണ് ഉണ്ടായിരുന്നത്. പക്ഷെ കർത്താവ് പറഞ്ഞത്, നിനക്ക് സൈന്യം കൂടുതലാണ് എന്നാണ്. ഒരു സൈന്യാധിവന്ന് ഇത്രയും പടയാളികളുള്ളതായി ആരെങ്കിലും കേട്ടിട്ടുണ്ടോ? എന്നാൽ യഹോവയുടെ കൽപന്രകാരം ഗിദെയോൻ തന്റെ സൈന്യത്തെ മുന്നൂറാക്കി ചുരുക്കി. സൈന്യത്തിലല്ല, കർത്താവിൽ ആശ്രയിച്ചു വിജയം നേടുവാനായിരുന്നു ദൈവം ഗിദെയോനെ പഠിപ്പിച്ചത്. സൈന്യത്താലോ ശക്തിയാലോ അല്ല യുദ്ധം ജയിക്കുന്നത് എന്ന് ദൈവം അവനെ കാണിച്ചു കൊടുത്തു (ന്യായാധിപന്മാർ 7:1-5). അങ്ങനെ "യഹോവയുടെ വാളും" ഗിദെയോനും ആയിരുന്നു യുദ്ധം ജയിച്ചത്.

അപ്പൊസ്തലനായ പൗലൊസ് ചോദിക്കുന്ന ചോദ്യം ശ്രദ്ധേയമാണ്, "ജ്ഞാനി എവിടെ? ശാസ്ത്രി എവിടെ? ഈ ലോകത്തിന്റെ താർക്കികൻ എവിടെ? ലോകത്തിന്റെ ജ്ഞാനം ദൈവം ഭോഷത്വം ആക്കിയല്ലോ? ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ട് വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിന്ന് പ്രസാദം തോന്നി. യെഹൂദന്മാർ അടയാളം ചോദിക്കയും യവനന്മാർ ജ്ഞാനം അന്വേഷിക്കുകയും ചെയ്യുന്നു. ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു യഹൂദന്മാർക്ക് ഇടർച്ചയും ജാതികൾക്ക് ഭോഷത്വവുമാണെങ്കിലും അത് രക്ഷിക്കപ്പെടുന്നവർക്ക് ദൈവശക്തിയാകുന്നു" (1 കൊരിന്ത്യർ 1:20-23) ഈ ചിന്തകൾ വെച്ച് നോക്കിയാൽ മറ്റു സാഹചര്യങ്ങൾ മനസിലാക്കുവാൻ പ്രയാസം നേരിടുകയില്ല. ഉദാഹരണമായി പറഞ്ഞാൽ, സെന്നാഖരീബിന്റെ ഒരു ലക്ഷത്തി എൺപത്തിയയ്യായിരം പേർ ഒരൊറ്റ രാത്രികൊണ്ട് വീണുപോയത് ഗ്രഹിക്കുവാൻ പ്രയാസം അനുഭവപ്പെടുകയില്ല. ദൈവത്തിന്റെ പ്രവൃത്തി അത്ഭുതകരമത്രെ.

മനുഷ്യരുടെ സൈന്യബാഹുല്യമോ പുരുഷന്മാരുടെ കായിക ബലമോ ഒന്നുമല്ല കാര്യം എന്ന് ദൈവം തെളിയിച്ചുകൊടുത്തു. നാം പുതിയ നിയമത്തിലേക്ക് പ്രവേശിക്കുമ്പോൾ ധാരാളം മാറ്റങ്ങൾ സംഭവിക്കുന്നു. നിയമം മാറുന്നതോടുകൂടെ മറ്റു വ്യവസ്ഥകൾക്ക് മാറ്റം സംഭവിക്കുന്നു, ന്യായപ്രമാണത്തിന് മാറ്റം സംഭവിക്കുന്നതോടുകൂടി പൗരോഹിത്യത്തിനും മാറ്റം വരുവാൻ ആവശ്യം (എബ്രായർ 7:12). സത്യവചനത്തെ നാം യഥാർത്ഥമായിട്ടാണ് പഠിപ്പിക്കേണ്ടത് എന്നു 2 തിമൊഥെയൊസ് 2:15 പറയുന്നു. "അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ചു ക്രൂശിൽ തറെച്ചു നടുവിൽനിന്നു നീക്കി കളഞ്ഞു. വാഴ്ച്ചകളെയും അധികാരങ്ങളെയും ആയുധവർഗം വെപ്പിച്ചു ക്രൂശിൽ അവരുടെ മേൽ ജയോൽസവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ച്ചയാക്കി" (കൊലൊസ്യർ 2:14-16).

യിസ്രായേൽ ദേശത്തിന് ദൈവം പാലും തേനും ഒഴുകുന്ന കനാൻ ദേശം അവകാശമാക്കുവാൻ അവസരം കൊടുത്തിരുന്നു. പക്ഷെ ദൈവത്തെ അനസരിക്കാതിരുന്നപ്പോൾ ഭയങ്കരമായ ശിക്ഷ അവർക്ക് അനുഭവിക്കേണ്ടിവന്നു. ദൈവം യിസ്രായേലിന്ന് നൽകിയ വാഗ്ദാനങ്ങൾ നിറവേറുമെന്ന് അവർ വിശ്വസിക്കണമായിരുന്നു. ക്രൂശിനു മുൻപ് നൽകിയ വാഗ്ദാനങ്ങളെല്ലാം ഭൗതികമായിരുന്നു. പക്ഷെ അതിലെല്ലാം ആത്മിയമായ അർത്ഥമുണ്ടായിരുന്നു എന്നതാണ് പ്രത്യേകത. പാലസ്തീൻ ദേശം ഇനി ഒരിക്കലും യെഹൂദരുരുടേതായിരിക്കുകയില്ല എന്നത് വാസ്തവമാണ്. അതല്ല ദൈവത്തിന്റെ ഉദ്ദേശം. ദൈവരാജ്യം അഥവാ കർത്താവിന്റെ സഭ സാർവ്വദേശിയമാണ്. ഒരാൾക്ക് ദൈവരാജ്യത്തിലായിരുന്നുകൊണ്ട് സഭയിൽ ആകാതിരിക്കുന്നതിനോ, അല്ലെങ്കിൽ സഭയിൽ ആയിരുന്നിട്ട് രാജ്യത്തിൽ ആകാതിരിക്കുവാനോ കഴിയുകയില്ല. യേശുവിനെ സംരക്ഷിക്കുവാൻ ദൈവം തന്റെ ദൂതന്മാരെ അയച്ചിരുന്നു. വിശുദ്ധന്മാരുടെ സേവനത്തിനായി ദൈവം ദൂതന്മാരെ നിയോഗിച്ചിരിക്കുന്നു. നാം സകല മനുഷ്യരോടും സമാധാനം ആചരിക്കേണ്ടവരാണ്. രക്ഷാകരമായ സുവിശേഷം നാം ലോകത്തോട് അറിയിക്കണം.

★

# ക്രിസ്തീയ വിശ്വാസത്തിന്റെ ഉറവിടം എന്ത്?

## ഹോളിസ് മില്ലർ

എന്താണ് ക്രിസ്തീയ വിശ്വാസം? ആ വിശ്വാസത്തിന്റെ ഉറവിടം എന്ത്? ഈ ചോദ്യങ്ങൾക്ക് നമുക്ക് ഉത്തരം തിരുവെഴുത്തിൽനിന്നു കണ്ടെത്താം. നിങ്ങൾ നിങ്ങളുടെ ക്രിസ്തീയ വിശ്വാസം തിരഞ്ഞെടുത്തതാണോ? ഏതു ഉറവിടത്തിൽനിന്നാണ് നിങ്ങൾ അത് തിരഞ്ഞെടുത്തത്? മിക്ക ആളുകളും അവരുടെ വിശ്വാസം പുതിയ നിയമത്തിൽനിന്നാണ് തിരഞ്ഞെടുത്തിരിക്കുന്നത്. അതിന്റെ കാരണം പുതിയ നിയമത്തിൽ എഴുതിയിരിക്കുന്നത് ഒന്നുകിൽ യേശുവിനോട് നേരിട്ടു ബന്ധപ്പെട്ടവരോ അല്ലെങ്കിൽ അവന്റെ ഉപദേശവും പ്രവൃത്തികളും കണ്ടവരോ എഴുതിയിരിക്കുന്നതു നിമിത്തമാണ്. ക്രിസ്തുവിനോടുകൂടെ ആയിരുന്നവർ അവനെ കാണുകയും, അവനിൽനിന്നു കേൾക്കുകയും, അവന്റെ അത്ഭുതങ്ങളും പ്രവൃത്തികളും നേരിട്ട് കാണുകയും ചെയ്തിരുന്നു. കൂടാതെ മറ്റു പലതിനും അവർ സാക്ഷ്യം വഹിച്ചിരുന്നു. അവൻ മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേറ്റ ശരീരത്തോടെ അവർ അവനെ കണ്ടിരുന്നു. ദൃക്സാക്ഷികളുടെ വിവരങ്ങൾ അവിശ്വസിക്കേണ്ട കാര്യമില്ല.

അപ്പൊസ്തലനായ യോഹന്നാൻ എഴുതി, “ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടിയായിരുന്നു; വചനം ദൈവം ആയിരുന്നു” (യോഹന്നാൻ 1:1). “വചനം ജഡമായിതീർന്നു; കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു; ഞങ്ങൾ അവന്റെ തേജസ് പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസായി കണ്ടു” (യോഹന്നാൻ 1:14). അതേ അപ്പൊസ്തലൻ തന്നെ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക, “ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്തകണ്ണുകൊണ്ട് കണ്ടതും ഞങ്ങളുടെ കൈ തൊട്ടതുമായ ജീവന്റെ വചനം സംബന്ധിച്ച് ജീവൻ പ്രത്യക്ഷമായി . ഞങ്ങൾ കണ്ട് സാക്ഷീകരിക്കയും പിതാവിനോടുകൂടെയിരുന്നു ഞങ്ങൾക്ക് പ്രത്യക്ഷമായ നിത്യജീവനെ നിങ്ങളോട് അറിയിക്കയും ചെയ്യുന്നു” (1 യോഹന്നാൻ 1:1-2)

യേശുവിന്റെ ജനനത്തെ കുറിച്ച് അപ്പൊസ്തലനായിരുന്ന മത്തായി രേഖപ്പെടുത്തിയിരിക്കുന്നു, “അവൾ ഒരു മകനെ പ്രസവിക്കും. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനിരിക്കകൊണ്ട് നീ അവന്ന് യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു” (മത്തായി 1:21). അപ്പൊസ്തലനായ പൗലൊസിന്റെ സഹചാരിയായിരുന്ന ലൂക്കൊസ് പറയുന്നത്, “കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലൊ മനുഷ്യപുത്രൻ വന്നത്” (ലൂക്കൊസ് 19:10). എല്ലാ മനുഷ്യർക്കുമായി യേശു മരണം ആസ്വദിച്ചു എന്നാണ് എബ്രായ ലേഖകൻ എഴുതിയിരിക്കുന്നത് (എബ്രായർ 2:9). ഈ വാക്യവും മറ്റനേക വാക്യങ്ങളും യേശുവിന്റെ ദൗത്യത്തെ എടുത്തു കാണിക്കുകയാണ്. യേശു മരിച്ചവരിൽനിന്നും മൂന്നാം നാൾ ഉയർത്തെഴുന്നേറ്റ് ശിഷ്യന്മാരുടെ അടുത്ത് ചെന്നു ഭൂലോകത്തിൽ ഒക്കെയും പോയി യേശു കൽപിച്ചതു പ്രമാണിപ്പാൻ തക്കവണ്ണം ശിഷ്യരാക്കിക്കൊൾവിൻ, ഞാനോ ലോകാവസാനത്തോളം നിങ്ങളോടുകൂടി ഉണ്ടായിരിക്കും എന്നും പറഞ്ഞു.

കർത്താവ് സ്വർഗാരോഹണം ചെയ്തശേഷം, അവന്റെ കൽപനകൾ പ്രായോഗികമാക്കുന്ന പ്രവർത്തികളെ വിശദമാക്കിയിരിക്കുന്ന പുസ്തകമാണ് അപ്പൊസ്തലപ്രവൃത്തികൾ. അതിനെ പരിവർത്തനങ്ങളുടെ പുസ്തകം എന്നു വിശേഷിപ്പിച്ചിരിക്കുകയാണ്. കർത്താവിന്റെ ഹിതം അനുസരിച്ച് ശിഷ്യന്മാരായി തീർന്നവരുടെ എണ്ണം വർദ്ധിക്കുകയും സഭ പല സ്ഥലങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തതായി നമുക്ക് വായിക്കുവാൻ കഴിയും. ആദ്യം ശിഷ്യന്മാരായി തീർന്നവരെയായിരുന്നു ക്രിസ്ത്യാനികൾ എന്നു വിളിച്ചിരുന്നത് (പ്രവൃത്തികൾ 11:26). എങ്ങനെയായാലും ക്രിസ്ത്യാനികൾ എന്ന പേർ പിന്നീട് പ്രചാരത്തിലായി തീർന്നു (റോമർ. 1:7; 1 കൊരിന്ത്യർ 1:2; എഫെസ്യർ 1:1; മറ്റു വേദഭാഗങ്ങളും.) അവർ പാപത്തിന്റെ മാലിന്യം വിട്ട് ലോകത്തിൽനിന്നു ഓടിയവരായിരുന്നു അവർ. ഭൂമിയിൽ വിശുദ്ധരും നിഷ്ക്കളങ്കരുമായി ജീവിക്കുവാൻ വേണ്ടിയാണ് നമ്മെ അന്ധകാരത്തിൽനിന്ന് വലിച്ചിഴച്ച് അത്ഭുതപ്രകാശമായിരിക്കുന്ന കർത്താവിന്റെ രാജ്യത്തിലേക്ക് ചേർത്തിരിക്കുന്നത്. വിശുദ്ധരായി ആധുനികമനുഷ്യർ കാണുന്നത് മനുഷ്യരാൽ വിശുദ്ധീകരിക്കപ്പെട്ടവരെയാണ്. പക്ഷെ ദൈവം വിശുദ്ധരായി കാണുന്നത് അവൻ വിശുദ്ധീക

രിക്കുന്നവരെയാണ്. പുതിയ നിയമത്തിൽ ക്രിസ്തുവിന്റെ രക്തത്താലും സത്യത്താലും വചനത്താലുമായിരുന്നു ശുദ്ധീകരിക്കൽ.

അപ്പൊസ്തലന്മാരും പ്രവാചകന്മാരും മരിച്ച് നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ മനുഷ്യരിൽനിന്ന് തത്വചിന്തകന്മാരും ജ്ഞാനികളും എഴുന്നേറ്റ് തിരുവെഴുത്തുകളെ തങ്ങൾ വിചാരിച്ച രീതിയിലേക്ക് വളച്ചൊടിച്ച് പഠിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും തുടങ്ങി. അത് വചനത്തിന്റെ ശക്തി ആളുകളിലെത്താതിരിക്കുവാൻ കാരണമായി. അന്യഥാ ഉപദേശിക്കയോ, തിരുവെഴുത്തുകളോട് കൂട്ടുകയോ അതിൽനിന്ന് കുറക്കുകയോ ചെയ്യരുത് എന്ന ദൈവിക മുന്നറിയിപ്പുകളെ ആളുകൾ ഗണ്യമാക്കാതെ പോയി. ഇന്നു കാണപ്പെടുന്ന കലക്കത്തിന് ദൈവമല്ല മറിച്ച് മനുഷ്യരാണ് കാരണക്കാർ. നമ്മുടെ ദൈവം കലക്കത്തിന്റെ ദൈവം അല്ല, സമാധാനത്തിന്റെ ദൈവമാണ് (1 കൊരിന്ത്യർ 14:33). ക്രിസ്ത്യാനി എന്ന പേരോടുകൂടി വിവിധ വിഭാഗങ്ങളായി അറിയപ്പെടുന്നവ ഒന്നും ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നു രൂപപ്പെട്ടതല്ല. മറിച്ച് ക്രിസ്തുവിന്റെ ഉപദേശത്തിൽനിന്നും അകന്നു പോയതു നിമിത്തമാണ്.

പുതിയ നിയമം എഴുതിയവർക്കെല്ലാം ക്രിസ്ത്യാനിത്വം എന്തെന്ന് ശരിയായി മനസിലായിരുന്നു. പ്രാരംഭ ക്രിസ്ത്യാനികൾക്കുയാതൊരു തെറ്റിദ്ധാരണയും ഇല്ലായിരുന്നു. അങ്ങനെയായിരുന്നുവെങ്കിൽ വിശ്വാസം ഒന്നായി അവിടെ രേഖപ്പെടുത്തുമായിരുന്നില്ല. തന്നെയുമല്ല, യേശുവിന്റേയും അപ്പൊസ്തലന്മാരുടേയും കാലത്ത് അവരുടെ ഉപദേശം അനുയായികൾക്ക് നന്നായി മനസിലായിരുന്നു. പ്രാരംഭ ക്രിസ്ത്യാനികൾ പരമാർത്ഥഹൃദയരായിരുന്നു. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും പ്രാർത്ഥന കഴിച്ചും പോന്നിരുന്നു (പ്രവൃത്തികൾ 2:42). അന്ന് ക്രിസ്തുവിന്റെ ശിഷ്യന്മാരായി തീർന്നവർ മറ്റൊരു പേരും സ്വീകരിച്ചിരുന്നില്ല. അവർ വിശ്വസിച്ചതനുസരിച്ചായിരുന്നു ജീവിച്ചിരുന്നത്. ഇന്നു കാണപ്പെടുന്ന ഓരോ സഭക്കും ഓരോ ഉപദേശവും ഓരോ വിശ്വാസവുമാണുള്ളത്. അടിസ്ഥാനപരമായ കാര്യങ്ങളിൽ പോലും അവർക്ക് പുതിയനിയമവുമായി യോജിക്കുവാൻ കഴിയുന്നില്ല. അവർ ബൈബിൾ വായിക്കയും അത് വിശ്വസിക്കുകയും ചെയ്യുന്നവർ വചനത്തിലെ രക്ഷാപദ്ധതിയെ തന്നെ തള്ളിക്കളഞ്ഞിരിക്കയാണ്.

ഇന്നത്തെ ആളുകൾ സമുദായത്തിന്റെ ആചാരങ്ങളെയാണ് പുതിയനിയമ കൽപനകളേക്കാൾ അനുസരിക്കുന്നത്. അത്തരം മാനുഷികമായ ആചാരങ്ങളെയാണ് അവരുടെ കുട്ടികളെ പഠിപ്പിക്കുന്നത്. അങ്ങനെ അവർ ബൈബിൾ വിശ്വാസികളാകുന്നതിനു പകരം പാരമ്പര്യവിശ്വാസികളായി തീരുന്നു. അപ്പോൾ ദൈവശ്വാസിയമായ തിരുവെഴുത്തുകളെ അവർ അവഗണിക്കുകയാണ് ചെയ്യുന്നത്. ഏതെങ്കിലും ഒരു സഭയോ ഏതെങ്കിലും ഒരു ഉപദേശമോ പുതിയ നിയമത്തിൽ കാണുന്നതല്ലെങ്കിൽ ആ ഉപദേശമോ സഭയോ നിരാകരിക്കണമോ? എന്താണ് ദൈവികമായ നിർദ്ദേശം? "ക്രിസ്തുവിന്റെ ഉപദേശത്തിൽ നില നിൽക്കാതെ അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവം ഇല്ല; ഉപദേശത്തിൽ നിലനിൽക്കുന്നവന്നു പിതാവും പുത്രനും ഉണ്ട്. ഒരുത്തൻ ഈ ഉപദേശവും കൊണ്ടല്ലാതെ നിങ്ങളുടെ അടുക്കൽ വന്നു എങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്; അവന്നു കുശലം പറകയും അരുത്. അവന്നു കുശലം പറയുന്നവർ അവന്റെ ദുഷ്പ്രവൃത്തികൾക്ക് കൂട്ടാളിയല്ലൊ" (2 യോഹന്നാൻ 9, 10).

വിശ്വാസം എങ്ങനെ ഉത്ഭവിക്കണം എന്നു തിരുവെഴുത്ത് വ്യക്തമാക്കിയിരിക്കുന്നു. വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു (റോമർ 10:17). സകല മനുഷ്യരും പാപം ചെയ്തതിനാൽ എല്ലാവർക്കും മാനസാന്തരം ആവശ്യമാണ്. മാനസാന്തരപ്പെടാഞ്ഞാൽ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊസ് 13:3). മനുഷ്യരുടെ മുമ്പിൽ കർത്താവിനെ ഏറ്റുപറയുന്നവരെ ക്രിസ്തുവും പിതാവിന്റെ മുമ്പിൽ ഏറ്റു പറയും (മത്തായി 10:32). അതിനുശേഷം പാപമോചനത്തിനായുള്ള കൽപനയായ സ്നാനം എല്ലാവരും അനുസരിക്കണം. അത് പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിലാണ് ഏൽക്കേണ്ടത് (മത്തായി 28:19, 20). ഇവ അടിസ്ഥാനപരമായി സർവ്വ മനുഷ്യരും പ്രമാണിക്കണം. ഇതിൽനിന്നു വ്യത്യസ്തമായി കാര്യങ്ങൾ ചെയ്തിട്ട് സഭ ഏതായാലും കുഴപ്പമില്ല. സഭ മാറേണ്ട ആവശ്യമില്ല എന്നൊക്കെ പറഞ്ഞു ആളുകളെ പഠിപ്പിക്കുന്നവരുണ്ട്. ക്രിസ്തുവിന് ഒരേ ഒരു സഭയാണുള്ളത്.

# കുഴപ്പമില്ലാത്ത സമയങ്ങൾ

## വെയിൻ ബാരിയർ

നമുക്ക് ചിലപ്പോൾ നല്ല സമയം ഉണ്ടായേക്കാം മറ്റു ചിലപ്പോൾ മോശപ്പെട്ട സമയവും ഉണ്ടായേക്കാം. ചിലർ തങ്ങൾക്ക് പറ്റിയ അബദ്ധത്തിന് സമയ ദോഷം എന്നും വിധിയെന്നും പറഞ്ഞു സമാധാനിക്കാറുണ്ട്. അന്ധവിശ്വാസത്തിൽനിന്നു വ്യത്യസ്തമായി ശരിയായ രീതിയിൽ ഒന്നു വിചിന്തനം ചെയ്താൽ ശരിയായ സമയവും മോശമായ സമയവും നമുക്ക് തിരിച്ചറിയുവാൻ കഴിയും. അപ്പൊസ്തലനായ പൗലൊസ് യുവ സുവിശേഷകനായ തിമൊഥെയൊസിനെ പരിശീലിപ്പിക്കുന്നത് മനസിലാക്കിയാൽ നമുക്കും അത് പ്രയോജനം ചെയ്യും. അപ്പൊസ്തലനായ പൗലൊസ് മുന്നറിയിച്ച് എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക, "മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പ് പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാൽസല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ക്ഷയിക്കുന്നവരുമായിരിക്കും" (2 തിമൊഥെയൊസ് 3:2-5). ഈ വാക്യങ്ങളിൽ പറഞ്ഞിട്ടുള്ളവർ നമുക്ക് പരിചയമുള്ളവരാണ്. പരിശുദ്ധാത്മനിയോഗത്താൽ ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലനായ പൗലൊസ് പ്രവചിച്ചതാണ്. അത്തരത്തിലുള്ള ആളുകൾ ലോകത്തിൽ നമുക്ക് ചുറ്റും കാണാം. ലോകത്തിൽ മാത്രമല്ല സഭയിൽ പോലും അത്തരം സ്വഭാവക്കാർ കണ്ടേക്കാം. ഭക്തിയുള്ളവരേക്കാൾ കൂടുതൽ അഭക്തിയുള്ളവരാണ്. പാപം ചുമന്നു നടക്കുന്നവരും എപ്പോഴും പഠിച്ചിട്ടും സത്യത്തിന്റെ പരിജ്ഞാനത്തിൽ വരുവാൻ കഴിയാത്ത സ്ത്രീകളെ വശീകരിക്കുന്നവരും ആയിരിക്കും അത്തരക്കാർ എന്നാണ് അതേ അദ്ധ്യായം 7-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നത്. ആ വിധത്തിലുള്ള ആളുകൾക്ക് പൗലൊസ് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തു. ആ നിർദ്ദേശങ്ങൾ നമുക്കും ആവശ്യമാണ്. കാരണം ദുസ്വഭാവങ്ങൾ നമ്മെ പരീക്ഷിക്കുവാനായി കടന്നു വന്നേക്കാം.

ഒന്നാമതായി നാം അത്തരം സ്വഭാവങ്ങളിലേക്ക് വഴുതി വീഴാതെ നോക്കണം. നാം ജീവിതത്തിൽ തീരുമാനങ്ങൾ എടുക്കുമ്പോൾ അത് വചനപ്രകാരമാണോ എന്നു ചിന്തിക്കണം. അപ്പൊസ്തലനായ പൗലൊസ് പറയുന്നത് നോക്കുക, "നീയോ എന്റെ ഉപദേശം, നടപ്പ്, ഉദ്ദേശം, വിശ്വാസം, ദീർഘക്ഷമ, സ്നേഹം, സഹിഷ്ണുത, എന്നിവയും അന്ത്യോക്യയിലും, ഇക്കൊന്യയിലും, ലുസ്ത്രയിലും എനിക്ക് സംഭവിച്ച ഉപദ്രവവും കഷ്ടാനുഭവവും കണ്ടറിഞ്ഞിരിക്കുന്നു; ഞാൻ എന്തെല്ലാം ഉപദ്രവം സഹിച്ചു. അതിൽ എല്ലാറ്റിൽനിന്നും കർത്താവ് എന്നെ വിടുവിച്ചു. എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ് ഉള്ളവർക്ക് എല്ലാം ഉപദ്രവം ഉണ്ടാകും" (2 തിമൊഥെയൊസ് 3:10-12).

ദുഷ്ടമനുഷ്യരും മായാവികളും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടും മേൽക്കുമേൽ ദോഷത്തിൽ മുതിർന്നു വരും. നീയോ ഇന്നവനോട് പഠിച്ചു എന്നു ഓർക്കുകയും ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ നിന്നെ രക്ഷക്ക് ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറികയും ചെയ്യുന്നതുകൊണ്ട് നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്ക. എല്ലാ തിരുവെഴുത്തും ദൈവശ്വാസിയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന്ന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസതത്തിനും പ്രയോജനമുള്ളത് ആകുന്നു (2 തിമൊഥെയൊസ് 3:13 -17). ഇത്തരം ദുസമയങ്ങൾ വരുമെന്ന് ഏതൊരാൾക്കും പ്രതീക്ഷിക്കാം.

എന്നാൽ അത്തരം സന്ദർഭങ്ങളിൽ ഉപദേഷ്ടാക്കന്മാർക്ക് ഉത്തരവാദിത്തമുണ്ട്. സഭയിൽ നേരിടുന്ന പല പ്രശ്നങ്ങളും ഉപദേഷ്ടാക്കന്മാർ ശരിയായ രീതിയിൽ കൈകാര്യം ചെയ്യാത്തതുകൊണ്ട് ഉണ്ടാകുന്നതാണ്. അവർ മറ്റു പ്രവർത്തനങ്ങളിൽ വ്യാപൃതരാകുന്നതാകാം കാരണം. എല്ലാ പ്രവർത്തനങ്ങളും നല്ലതും ഉപകാരപ്രദവുമാണ്. എന്നാൽ ഉപദേശം ഉപദേഷ്ടാവിനുള്ളതാണ്. അത് നിർവ്വചിച്ചിരിക്കുന്ന വേദഭാഗം തിരുവെഴുത്തിലുള്ളത് ശ്രദ്ധയോടെ വായിക്കുന്നത് നന്നായിരിക്കും. അപ്പൊസ്തലനായ പൗലൊസ് തിമൊഥെയൊസിന് എഴുതുമ്പോൾ കൊടുക്കുന്ന നിർദ്ദേശങ്ങളിൽ അതും ഉൾപ്പെടുത്തിയിരിക്കുന്നത് ഇന്നും പ്രസക്തമാണ്.

"ഞാൻ ദൈവത്തേയും ജീവികൾക്കും മരിച്ചവർക്കും ന്യായ വിസ്താരം നടത്തുവാനുള്ള ക്രിസ്തുയേശുവിനേയും സാക്ഷി വെച്ചു അവന്റെ പ്രത്യക്ഷതയും രാജ്യവും ചൊല്ലി സത്യം ചെയ്തു കൽപി ക്കുന്നത്:വചനം പ്രസംഗിക്ക സമയത്തിലും അസമയത്തിലും ഒരു ങ്ങിനിൽക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടുംകൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക. അവർ പത്ഥ്യോപ ദേശം പൊറുക്കാതെ കർണ്ണരസമാകുമാറ് സ്വന്തമോഹങ്ങൾക്കൊ ത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവി കൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരിയുകയും ചെയ്യുന്ന കാലം വരും. നീയോ സകലത്തിലും നിർമ്മദനായിരിക്ക; കഷ്ടം സഹിക്ക; സുവിശേഷകന്റെ പ്രവൃത്തി ചെയ്ക; നിന്റെ ശുശ്രൂഷ നിറപടിയായി നിർവ്വഹിക്ക" (2 തിമൊഥെയൊസ് 4:1-5).

അപ്പൊസ്തലനായ പൗലൊസ് സുവിശേഷകന്റെ പ്രവൃത്തി യാണ് ചെയ്തത്. കർത്താവിനാൽ പിടിക്കപ്പെട്ട നാൾ മുതൽ അവൻ ഏതുവിധേനയും ആരെയെങ്കിലും ക്രിസ്തുവിനായി നേടാമോ എന്ന തായിരുന്നു ലക്ഷ്യം. പകലെന്നോ രാത്രിയെന്നോ വ്യത്യാസമില്ലാ തെ, ആഹാരമോ ക്ഷീണമോ യാതൊന്നും കാര്യമാക്കാതെ ദൈവി കശുശ്രൂഷക്കായി തന്നെത്താൻ ഏൽപിച്ചുകൊടുത്ത വ്യക്തിയാ യിരുന്നു. പാനിയ യാഗമായി തന്നെത്താൻ ഒഴിച്ചു വെച്ച എരിവുള്ള പ്രവർത്തകനായിരുന്നു. അവന്റെ സേവനത്തെ കുറിച്ച് പൗലൊസ് തന്നെ വിവരിച്ചു പറയുന്നു, "ഞാൻ നല്ല പോർ പൊരുതു; ഓട്ടം തികച്ചു, വിശ്വാസം കാത്തു; ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. അത് നീതിയുള്ള ന്യായാധിപതി എനിക്ക് നൽകും; എനിക്ക് മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ" (2 തിമൊഥെയൊസ് 4:7, 8).

സുവിശേഷകന് പ്രവർത്തിക്കുവാൻ നല്ല സമയമെന്നോ മോശ പ്പെട്ട സമയമെന്നോ ഇല്ല. ഏതു സമയത്തും ആർക്കും തന്റെ സേവനം നൽകുവാൻ സന്നദ്ധനായിരിക്കണം. ഒരു ആത്മാവിന്റെ വില എത്ര വലുതാണെന്ന് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നവനാണ് യഥാർത്ഥ ദൈവവേലക്കാരൻ. ദൈവത്തിന്റെ ഉദ്ദേശം അതാണ്. നമ്മുടെ ഉദാസീനതകൊണ്ട് ആത്മാക്കൾ നഷ്ടപ്പെടരുത്.

★

# ദൈവത്തെ സ്നേഹിക്കുക എന്നാൽ വചനത്തെ സ്നേഹിക്കുക

### കെന്നെത്ത് മെക്ലെയിൻ

ദൈവത്തെ സകല മനുഷ്യരും സ്നേഹിക്കണം. കാരണം ദൈവം സ്നേഹമാണ്. അവന്റെ രൂപത്തിലും സാദൃശത്തിലും സൃഷ്ടിക്കപ്പെട്ടരായതുകൊണ്ട് ദൈവത്തിന് നമ്മോട് പ്രത്യേകമായ വാൽസല്യമുണ്ട്. ദൈവം അദൃശ്യനായതുകൊണ്ട് അവന്റെ വെളിപ്പെടുത്തിയ വചനം മുഖാന്തരമാണ് നമുക്ക് അവനെ സ്നേഹിക്കുവാൻ കഴിയുന്നത്. ഏതൊരു വ്യക്തിയും ദൈവത്തെ പൂർണ്ണ മനസോടും പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും കൂടെ വേണം ദൈവത്തെ സ്നേഹിക്കുവാൻ. നമ്മുടെ സ്നേഹം ദൈവത്തിന് പ്രസാദകരമായി തീരണം. നമുക്ക് ദൈവത്തെ ഭൗതികമായി കാണുവാൻ സാദ്ധ്യമല്ലെങ്കിലും അവന് നമ്മെ കാണുവാൻ കഴിയും. ദൈവം നമ്മുടെ സൃഷ്ടികർത്താവായതുകൊണ്ട് അവൻ നമ്മുടെ പിതാവാണ്. നാം പാപത്തിൽ നശിച്ചുപോകാതിരിക്കുവാൻ ദൈവം യേശുവിനെ അവന്റെ പുത്രനായി ഈ ഭൂമിയിലേക്ക് അയച്ചു. ആ പുത്രൻ നമ്മുടെ പാപപരിഹാര യാഗമായി തീർന്നു. ആയതിനാൽ നാം പിതാവിനേയും പുത്രനെയും സ്നേഹിക്കണം. കർത്താവ് പറഞ്ഞു, "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കൽപനകളെ കാത്തുകൊള്ളും" (യോഹന്നാൻ 14:15).

"നാം അവന്റെ കൽപനകളെ അനുസരിച്ചു നടക്കുന്നത് തന്നെ സ്നേഹം ആകുന്നു. നിങ്ങൾ ആദിമുതൽ കേട്ടതുപോലെ അനുസരിച്ചു നടപ്പാനുള്ള കൽപന ഇതാകുന്നു" (2 യോഹന്നാൻ 6). ദൈവത്തിനു പ്രസാദകരമായി ജീവിക്കുവാനാവശ്യമായതെല്ലാം ദൈവം മനുഷ്യർക്ക് നൽകിയിരിക്കുന്നു. ഒന്നിനും കുറവില്ലാതെ എല്ലാ നന്മയിലും ദൈവം നമ്മെ വഴി നടത്തിക്കൊണ്ടിരിക്കുകയാണ്. നമ്മെ ക്രിസ്തു മുഖന്തരം വീണ്ടെടുത്ത് സ്വർഗീയ ഓഹരിയും തരാമെന്ന് വാഗ്ദാനം ചെയ്തിരിക്കുകയാണ്. ആത്മിയമായി നമ്മെ ദൈവത്തോട് ബന്ധിപ്പിക്കുവാനായിരുന്നു യേശു ഈ ഭൂമിയിൽ ചെയ്തതെല്ലാം. യേശുവിന്റെ സ്നേഹത്തെക്കാൾ വലിയ സ്നേഹം ഇല്ല.

സ്നേഹിതന്മാർക്ക് വേണ്ടി സ്വന്ത ജീവനെ നൽകിയവനാണ് ക്രിസ്തു. നാം പാപികളായിരുന്നപ്പോഴായിരുന്നു ക്രിസ്തു നമുക്ക് വേണ്ടി മരിച്ചതു എന്നോർക്കുമ്പോഴാണ് അവന്റെ ത്യാഗത്തിന്റെ വില നാം തിരിച്ചറിയുന്നത്. തിരുവെഴുത്ത് ദൈവശ്വാസിയമായി സ്വീകരിക്കുന്നത് ദൈവത്തോടുള്ള സ്നേഹമാണ്. പലരും ബൈബിൾ മനുഷ്യരാൽ എഴുതപ്പെട്ടതെന്ന വിശ്വാസത്തിൽ അതിനെ വിലകുറച്ചുകാണുന്നത് തികച്ചും ദൗർഭാഗ്യകരമാണ്. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്ന് ദൈവം അവനെ നൽകുവാൻതക്കവണ്ണം ലോകത്തെ സ്നേഹിച്ചു"(യോഹന്നാൻ 3:16).

അവന്റെ വചനത്തെ അനുസരിക്കുമ്പോഴാണ് നാം അവനെ സ്നേഹിക്കുന്നത്. ദൈവത്തിന്റെ അരുളപ്പാടുകളെ അവഗണിച്ചു കൊണ്ട് നമുക്ക് ദൈവത്തെ സ്നേഹിപ്പാൻ സാധ്യമല്ല. കാരണം വചനം ദൈവമാണ്. വചനം ഇരുവായ്ത്തലയുള്ള വാളിനേക്കാൾ മൂർച്ചയുള്ളതാണ് (എബ്രായർ 4:12). വചനം കേൾക്കുമ്പോൾ വിശ്വാസമുള്ള ഒരാളുടെ ഹൃദയത്തിൽ കുത്തുകൊള്ളുകയും അയാൾക്ക് പാപബോധം ഉണരുകയും ചെയ്യും. ക്രിസ്തു നിത്യരക്ഷയുടെ കാരണഭൂതനായത് അനുസരണം പഠിച്ച് തികഞ്ഞവനായതു നിമിത്തമായിരുന്നു. തന്നെ അനുസരിക്കുന്നവരെയാണ് അവൻ രക്ഷിക്കുന്നത്. പൂർണ്ണമായ അനുസരണത്തിന് ഒരു സമർപ്പണം ആവശ്യമാണ്. ലോകത്തിൽ ജീവിക്കുന്ന മനുഷ്യർ പലതിനോടും ബന്ധപ്പെട്ടിരിക്കുകയാണ്. അതിൽനിന്നെല്ലാം ഒരു മോചനം ആവശ്യമാണ്.

ദൈവത്തിന്റെ വചനം നമ്മുടെ മക്കളെയും മറ്റുള്ളവരെയും പഠിപ്പിക്കുവാനുള്ള ഒരു മനസുണ്ടായാൽ നാം ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയാം. കുട്ടികളോടുള്ള ഉത്തരവാദിത്തം മാതാപിതാക്കളിൽ നിക്ഷിപ്തമാണ്. അതേപോലെ സത്യത്തിന്റെ പരിജ്ഞാനം ഉൾക്കൊണ്ടവരുടെ കർത്തവ്യമാണ് അറിയാത്തവരെ അറിയിക്കുക എന്നത്. തിരുവെഴുത്തുകളെ അറിയാത്തതുകൊണ്ടാണ് പലരും തെറ്റിപ്പോകുന്നത്. സത്യം അറിഞ്ഞവരാണ് അറിയാത്തവരെ സഹായിക്കേണ്ടത്. അപ്രകാരം നാം അറിയിച്ചില്ലെങ്കിൽ ആളുകൾ അവരുടെ പാപത്തിൽ മരിക്കും.

✶

# തലമേൽ തീക്കനൽ കുന്നിക്കൽ

## ഡേവിഡ് ആർ. കെന്നി

യേശു തന്റെ മലമ്പ്രസംഗത്തിൽ ധാരാളം സൻമനോഭാവങ്ങൾ നമ്മെ പഠിപ്പിച്ചിരിക്കുന്നു. അത് മനുഷ്യജീവിതത്തിന്റെ ഉയർന്ന നിലവാരം സമാധാനപൂർവ്വം നയിക്കുന്നതിനു വേണ്ടിയാണ്. യേശു തിരഞ്ഞെടുത്ത് ജാതികളുടെ അപ്പൊസ്തലനായി തീർന്ന പൗലൊസ് അത്തരത്തിലുള്ള നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത് ദൈവശ്വാസിയമായിട്ടാണ്. അതുകൊണ്ട് അത് വിശ്വസനീയവുമാണ്. "നിന്റെ ശത്രുവിന്നു വിശക്കുന്നു എങ്കിൽ അവന്നു തിന്മാൻ കൊടുക്ക; ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക; അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും" (റോമർ 12:20). സദൃശവാക്യങ്ങളിലും നാം ഇത് വായിക്കുന്നു. ഈ വാക്യം ഞാൻ കുട്ടിയായിരുന്നപ്പോൾ വായിച്ചിട്ട് അതിന്റെ മുകളിലെ വാക്യം വായിക്കുമായിരുന്നു, "പ്രിയമുള്ളവരേ, നിങ്ങൾ തന്നെ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന്ന് ഇടം കൊടുപ്പിൻ; പ്രതികാരം എനിക്ക് ഉള്ളത്, ഞാൻ പകരം ചെയ്യും എന്നു കർത്താവ് അരുളിച്ചെയ്യുന്നു."

നാം ചിലപ്പോൾ നമ്മുടെ ശത്രുക്കളുടെ നാശം ഒഴിവാക്കുവാൻ ശ്രമിക്കാതിരിക്കും. അങ്ങനെ വരുമ്പോൾ നാം സ്വർത്ഥരായി തീരുകയല്ലേ ചെയ്യുന്നത്. വാസ്തവത്തിൽ മനുഷ്യരെ നാം ശത്രുക്കളായി കാണേണമോ? നാം ആരേയും ശത്രുക്കളായി കണ്ടില്ലെങ്കിലും മറ്റുള്ളവർ നമ്മെ ശത്രുക്കളായി കണ്ടാലോ എന്ന ചോദ്യമുയർന്നേക്കാം. ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ എല്ലാവരും തെറ്റു ചെയ്യുന്നവരാണ്. നമ്മുടെ തെറ്റിനെ കാണാതിരിക്കുകയും മറ്റുള്ളവരുടെ തെറ്റുകളെ കാണുകയും ചെയ്യുന്നവരാണ് അധികവും. യേശുക്രിസ്തു ശത്രുക്കളെ സ്നേഹിക്കുവാൻ കൽപിച്ചിരിക്കുന്നു. സമൂഹത്തിൽ സമചിത്തതയും സമാധാനവും പുലരണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. ഒരു പ്രശ്നം ഉണ്ടായാൽ അത് പരിഹരിക്കുവാനാണ് ശ്രമിക്കേണ്ടത്. അല്ലാതെ അത് സങ്കീർണ്ണമാക്കുവാനല്ല ശ്രമിക്കേണ്ടത്. നിർഭാഗ്യവശാൽ സമൂഹത്തിൽ പ്രശ്നങ്ങൾ കുറയുകയല്ല വർദ്ധിച്ചു വരികയാണ് ചെയ്യുന്നത്.

ഒരാൾ തന്റെ ശത്രുവിന് ആവശ്യമുള്ളത് നൽകുമ്പോൾ അവന്റെ മനസിന് ഒരു അലിവ് ഉണ്ടാകും എന്ന കാര്യത്തിൽ സംശയമേ ഇല്ല. തന്നെയുമല്ല, അവൻ ചെയ്ത തെറ്റിനെ കുറിച്ച് ഒരു പുനരാലോചന നടത്തും. ആത്മിയമായി അതിനെ എടുത്താൽ നമ്മുടെ ശത്രു സുവിശേഷം അനുസരിക്കാതെ നഷ്ടപ്പെട്ടുപോകയാണെങ്കിൽ നാം പ്രതികാരം ചെയ്തു എന്നു വരികയാണ്. അയാളുടെ ആത്മാവിന്റെ വിലയെ കുറിച്ച് നാം ഗണ്യമാക്കാതിരിക്കുകയാണ്."എന്നാൽ കൂട്ടുകാരനെ നിന്നെ പോലെ സ്നേഹിക്കേണം എന്ന തിരുവെഴുത്തിന്ന് ഒത്തവണ്ണം രാജകിയ ന്യായപ്രമാണം നിങ്ങൾ നിവർത്തിക്കുന്നു എങ്കിൽ നന്ന്. മുഖപക്ഷം കാണിച്ചാലോ പാപം ചെയ്യുന്നു. നിങ്ങൾ ലംഘനക്കാർ എന്നു ന്യായപ്രമാണത്താൽ തെളിയുന്നു. ഒരുത്തൻ ന്യായപ്രമാണം മുഴുവനും അനുസരിച്ച് നടന്നിട്ടും ഒന്നിൽ തെറ്റിയാൽ സകലത്തിന്നും കുറ്റക്കാരനായി തീരുന്നു" (യാക്കൊബ് 2:8-10).

കൂട്ടുകാരനെ സ്നേഹിക്കയും ശത്രുവിനെ പകെക്കുകയും ചെയ്ത സമൂഹത്തോട് യേശു പറഞ്ഞു, "ഞാനോ നിങ്ങളോട് പറയുന്നത്, നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിന്നു പുത്രന്മാരായി തീരേണ്ടതിന്നു തന്നെ. അവൻ ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെ മേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലൊ. നിങ്ങളെ സ്നേഹിച്ചവരെ സ്നേഹിച്ചാൽ നിങ്ങൾക്ക് എന്തു പ്രതിഫലം? ചുങ്കക്കാരും അങ്ങനെ ചെയ്യുന്നില്ലയോ? സഹോദരന്മാരെ മാത്രം വന്ദനം ചെയ്താൽ നിങ്ങൾ എന്തു വിശേഷം ചെയ്യുന്നു? ജാതികളും അങ്ങനെ ചെയ്യുന്നില്ലയോ?" (മത്തായി 5:44-47).

നമ്മുടെ സ്വർഗസ്ഥപിതാവ് സൽഗുണ സമ്പൂർണ്ണൻ ആയിരിക്കുന്നതുപോലെ നാമും സൽഗുണപൂർണ്ണരാകുവാൻ കർത്താവ് ആഗ്രഹിക്കുന്നു. നാം ഒന്നിലും കുറവില്ലാതെ എല്ലാ നന്മകളിലും നിറഞ്ഞു വരുവാൻ ആഗ്രഹിക്കുന്ന പിതാവിനെ നാം ഒരിക്കലും നിരാശപ്പെടുത്തരുത്. അതു വളരെ വ്യക്തമായി ഉപദേശിച്ചിരിക്കുന്നു. നാം അങ്ങനെ ആകുവാൻ സകല പരിശ്രമവും നടത്തേണ്ടിയി

രിക്കുന്നു. നാം സകല മനുഷ്യരോടും ദൈവിക സ്വഭാവത്തോടു കൂടെ ഇടപെടുവാനാണ് ദൈവം താൽപര്യപ്പെടുന്നത്. ദൈവത്തിന്റെ ശത്രു മാത്രമാണ് നമ്മുടേയും ശത്രു. അവന്റെ ശത്രു പിശാചാണ്. അവൻ ദൈവത്തോടും മനുഷ്യരോടും പോരാടിക്കൊണ്ടിരിക്കുകയാണ്. അതാണ് നാം തിരിച്ചറിയേണ്ടത്. അല്ലാതെ മനുഷ്യർ ആരും നമ്മുടെ ശത്രുക്കളല്ല. ആ യാഥാർത്ഥ്യം പലപ്പോഴും ആളുകൾ തിരിച്ചറിയുന്നില്ല. അതുകൊണ്ടാണ് പലരും അന്യോന്യം ആക്രമിക്കുന്നതും പോരിനു വിളിക്കുന്നതും.

പഴയ നിയമ വ്യവസ്ഥയും പുതിയ നിയമ വ്യവസ്ഥയും തമ്മിലുള്ള അന്തരം എല്ലാവരും മനസിലാക്കണം. പഴയ നിയമത്തിൽ ദൈവം മോശെ മുഖാന്തരം അരുളിച്ചയ്തതു നോക്കുക, "നിന്റെ ശത്രുവിന്റെ കാളയെയോ കഴുതയെയോ വഴി തെറ്റിയതായി കണ്ടാൽ, അതിനെ അവന്റെ അടുക്കൽ തിരികെ കൊണ്ടുപോകേണം. നിന്നെ ദ്വേഷിക്കുന്നവന്റെ കഴുത ചുമടിൻകീഴെ കിടക്കുന്നതു കണ്ടാൽ, അവനെ വിചാരിച്ച് അതിനെ അഴിച്ചുവിടുവാൻ മടിച്ചാലും അഴിച്ചുവിടുവാൻ അവനു സഹായം ചെയ്യേണം" (പുറപ്പാട് 23:4, 5). പഴയ നിയമകാലത്ത് ജീവിച്ചിരുന്ന യിസ്രായേൽ മോശെ മുഖാന്തരം കൊടുത്ത ന്യായപ്രമാണം അനുസരിച്ചായാലും, ആരെയും ശിക്ഷിക്കുവാനുള്ള അധികാരം സ്വയം ഏറ്റെടുക്കരുത്. ദൈവം കരുണാസമ്പന്നനാണ്.

തലമേൽ തീക്കനൽ കുന്നിക്കുക എന്ന പ്രയോഗം ആലങ്കാരികമാണ്. ഏതൊരു വ്യക്തിയുടേയും മനസിൽ അലിവുണ്ടാകുന്നത് അവന്റെ ആവശ്യത്തിൽ സഹായിക്കുമ്പോഴാണ്. ഹൃദയ കാഠിന്യമാണ് ആളുകൾ തമ്മിൽ ശത്രുക്കളാകുവാൻ കാരണം. ഇരുമ്പ് കട്ടിയുള്ള ലോഹമാണ്, തീക്കനിൽ വെച്ച് പഴുപ്പിച്ചാൽ അതിനു രൂപവ്യത്യാസം വരുത്തുവാൻ കഴിയും. ആ ഒരു ഭാവന നമ്മുടെ മനസിൽ ഉണ്ടായാൽ അപ്പൊസ്തലൻ ഉദ്ധരിച്ച സദൃശവാക്യം നമുക്ക് ഗ്രഹിക്കുവാൻ പ്രയാസം നേരിടുകയില്ല. നമ്മുടെ ഹൃദയവും മനസും നുറുങ്ങിക്കഴിയുമ്പോൾ അതിന് രൂപവ്യത്യാസം സംഭവിക്കും. അപ്പൊസ്തലന്റെ ആ നിർദ്ദേശം അന്യോന്യമുള്ള ബന്ധത്തിന് കരുത്ത് നൽകും എന്ന കാര്യത്തിൽ സംശയമില്ല. മനുഷ്യരിൽ മാറ്റമുണ്ടാകുവാൻ മനുഷ്യരിൽകൂടെ ദൈവം ആവശ്യപ്പെടുന്ന ഇത്തരം

ഗുണകരമായ ഉപദേശങ്ങളെ ആരും തള്ളിക്കളയരുത്. പകെക്ക് പകരം സ്നേഹം എന്ന തത്വമാണ് ക്രിസ്തു പറഞ്ഞിരിക്കുന്നത്. എത്ര വലിയ തീഷ്ണ വികാരത്തെയും തണുപ്പിക്കുവാൻ സ്നേഹത്തിനു കഴിയും എന്നു കർത്താവ് നമുക്ക് മാതൃക കാണിച്ചു തന്നിരിക്കുകയാണ്. സ്നേഹം പൊറുക്കുകയും വഹിക്കുകയും, സഹിക്കുകയും ചെയ്യുന്നു. സ്നേഹം ദ്വേഷം കണക്കിടുന്നില്ല. പാപത്തിന്റെ ബഹുത്വം മറെക്കുകയും ചെയ്യുന്നതാണ് സ്നേഹം. സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യും.

പാപങ്ങളുടെ കൂമ്പാരം നമ്മുടെ ഉള്ളിൽ സൂക്ഷിക്കുന്നതിനു പകരം, നാം പാപമോചനം വർദ്ധിപ്പിക്കുവാനാണ് ശ്രമിക്കേണ്ടത്. കാരണം ഹൃദയഭാരം ലഘൂകരിക്കുവാൻ മറ്റു മാർഗമില്ല. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരേ എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം എന്നു ക്രിസ്തു മാത്രമാണ് അരുളിച്ചെയ്തിരിക്കുന്നത്. മനസിൽ അമിത ഭാരം സൂക്ഷിക്കുന്നവർ രോഗികളായി തീരും എന്ന കാര്യത്തിൽ സംശയമില്ല. എല്ലാ സംഘർഷവും നമ്മുടെ ഉള്ളിൽ നിന്നു നീക്കം ചെയ്യുക. അങ്ങനെ സമ്മർദ്ദഭരിതമായ അവസ്ഥയെക്കാൾ യാതൊരു സംഘർഷവുമില്ലാത്തവരായി ആരോഗ്യമുള്ളവരാകുക.

പലരും അവരുടെ ജീവിതത്തിൽ വിദ്വേഷവും പിണക്കവും വെച്ചുകൊണ്ടിരുന്നു ദൈവനാമത്തിന്ന് ദോഷം വരുത്തുകയാണ്. ക്രിസ്തുവിന്റെ നാമത്തിന് പുകഴ്ച്ച കൊടുക്കേണ്ടവരാണ് ക്രിസ്ത്യാനികൾ. ക്രിസ്ത്യാനികൾ ഇത്തരം പ്രായോഗിക ജീവിതം നയിച്ചാൽ അത് ദൈവത്തിന്നു പ്രസാദകരമായി തീരുകയും മറ്റുള്ളവർ ദൈവത്തെ പുകഴ്ത്തുവാനിടയാകുകയും ചെയ്യും. നാം എല്ലാവരോടും സമാധാനം ആചരിക്കുവാൻ വിളിക്കപ്പെട്ടു. വൈകാരികമായി വിവേചിക്കാതെ ദൈവികസ്വഭാവത്താൽ നാം ഏതു കാര്യത്തേയും വിവേചിക്കുക. നമുക്ക് സന്തോഷം വേണമെന്ന് ആഗ്രഹിക്കുന്നു. പക്ഷെ നാം മറ്റുള്ളവർക്ക് സന്തോഷം കൊടുത്താൽ മാത്രമെ നമുക്ക് അത് ലഭിക്കയുള്ളു. ദൈവകൽപനക്ക് നാം പ്രാമുഖ്യം കൊടുത്ത് അനുസരിക്കുന്നതിൽ ഒരു വിട്ടുവീഴ്ച്ചയും ചെയ്യരുത്.

✶

# "ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ"

## ദില്ലാർഡ് തർമൻ

തിരുവെഴുത്തിൻ പ്രകാരം യേശു മരിച്ച്, അടക്കപ്പെട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. ഇത് ചരിത്രത്തിൽ സംഭവിച്ച സത്യമാണ്. യേശു ഭൂമിയിൽ ജീവിച്ചതും പ്രവർത്തിച്ചതുമെല്ലാം മനുഷ്യരെ നന്നാക്കുന്നതിനുവേണ്ടിയായിരുന്നു. ശാരീരികമായും ആത്മികമായും ജനങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി അന്ത്യം വരെ പ്രവർത്തിച്ചു. പക്ഷെ യേശുവിനെ കുറെപേർ അനുകരിക്കുകയും മറ്റുള്ളവർ തള്ളിക്കളയുകയും ചെയ്തു. കുറ്റം ഒന്നും ചെയ്യാതിരുന്ന നിരപരാധിയായിരുന്ന ക്രിസ്തുവിനെ ആളുകൾ ചേർന്ന് എതിർക്കുവാനും മരണശിക്ഷക്ക് ഏൽപിച്ചുകൊടുക്കുവാനും തയ്യാറായി. യേശു തന്റെ ഉയിർപ്പ് മുന്നറിയിച്ചിരുന്നു എങ്കിലും പലർക്കും അത് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അടക്കം ചെയ്ത യേശുവിന്റെ കല്ലറ ആർക്കും ഉരുട്ടി മാറ്റുവാൻ കഴിയാത്ത പാറ കല്ലറെക്കൽ വെച്ച് റോമാ പടയാളികളാൽ മുദ്രവെച്ച് കാവൽ ഏർപ്പെടുത്തിയിരുന്നു. ദൈവത്തിന്റെ പ്രവൃത്തിയെ മനുഷ്യർക്ക് തടയുവാൻ കഴിയുകയില്ലല്ലൊ. മൂന്നാം നാൾ കല്ലറ ശൂന്യമാക്കി അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു. മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിന് സാധ്യമാണ്.

യേശുവിന്റെ കല്ലറെക്കൽ പോയ സ്ത്രീകൾക്ക് ദൈവദൂതന്മാർ പ്രത്യക്ഷരായി പറഞ്ഞു, "നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്ത്? അവൻ ഇവിടെയില്ല, ഉയർത്തെഴുന്നേറ്റിരിക്കുന്നു; മുമ്പെ ഗലീലയിൽ ഇരിക്കുമ്പോൾ തന്നെ അവൻ നിങ്ങളോട് മനുഷ്യപുത്രനെ പാപികളായ മനുഷ്യരുടെ കയ്യിൽ ഏൽപിച്ച് ക്രൂശിക്കയും അവൻ മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കയും വേണം എന്നു പറഞ്ഞത് ഓർത്തുകൊൾവിൻ" (മത്തായി 24:5-7). അത് മതപരമായ ലോകത്ത് ഒരു ഞെട്ടലുണ്ടാക്കി എന്നു പറയാം. ആ സത്യം ധ്രുതഗതിയിൽ വ്യാപിച്ചു. കൈക്കൂലി കൊടുത്ത് സംഭവത്തെ മറച്ചുവെക്കുവാൻ ശ്രമിച്ചുവെങ്കിലും യെഹൂദമതാദ്ധ്യക്ഷന്മാർക്ക് അവർ വിചാരിച്ചതുപോലെ കാര്യം എളുപ്പമല്ലായിരുന്നു. കാരണം സർവ്വമനുഷ്യർക്കുമായിട്ടായിരുന്നു യേശു മരിച്ചതും ഉയർത്തെഴുന്നേറ്റതും. അത് ക്രിസ്ത്യാനിത്വത്തിന്റെ അടി

ത്തറയായി. ഉയർത്തെഴുന്നേറ്റ ക്രിസ്തു എന്നേക്കും ജീവിക്കുന്നവനായി. അങ്ങനെ അവൻ സഭയുടെ അടിസ്ഥാനമായി. ആ ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുകയില്ല. ദൈവത്തിനു പ്രസാദകരമായ ഒരിക്കൽ അർപ്പിച്ചതും എന്നേക്കും അതിന്റെ ഫലം ഉളവാകുന്നതുമായ യാഗം അർപ്പിച്ച യേശുവിന് സദാകാലത്തേക്കും ജീവിച്ച് ആ യാഗത്തോട് ബന്ധപ്പെടുന്നവർക്ക് വേണ്ടി പക്ഷവാദം ചെയ്യുവാനും പ്രാപ്തമാക്കി.

തന്റെ ഉയിർപ്പ് സത്യമാണെന്ന് തെളിയിക്കുവാൻ അവൻ അഞ്ഞൂറിലധികം പേർക്ക് നാൽപതു നാളോളം പ്രത്യക്ഷനായി. മാത്രമല്ല, പിന്നീട് തന്റെ ശിഷ്യന്മാർ കാൺകെ അവൻ സ്വർഗാരോഹണം ചെയ്തു. അവൻ പോയതുപോലെ തിരിച്ചു വരുമെന്ന് ദൈവികമായ അരുളപ്പാടുമുണ്ടായി. ക്രിസ്തുവിന്റെ കൽപന അനുസരിച്ച് ക്രിസ്ത്യാനികൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കർത്തൃമേശ എടുക്കുവാൻ കൂടിവരുമ്പോൾ അവൻ അവരോടൊപ്പം ഉണ്ടായിരിക്കും എന്നു അരുളിച്ചെയ്തിരുന്നു. തീർച്ചയായും അവൻ തന്റെ വാഗ്ദാനം നിറവേറ്റും എന്ന കാര്യത്തിൽ സംശയമില്ല. ക്രിസ്തു ഭൂമിയിൽ ജീവിച്ച സമയത്ത് അവൻ പരസ്യമായി ശുശ്രൂഷ നടത്തി. ആ ശുശ്രൂഷാവേളയിൽ യെരുശലേം ദൈവാലയം കാണിപ്പാൻ അവന്റെ ശിഷ്യന്മാർ ശ്രമിച്ചു. എന്നാൽ യേശു പരോക്ഷമായി ഒരു സത്യം ബോധ്യമാക്കി.

യേശു അവരോട്, ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും എന്ന് ഉത്തരം പറഞ്ഞു. യെഹൂദന്മാർ അവനോട്, ഈ മന്ദിരം നാൽപത്താറു സംവൽസരം കൊണ്ട് പണിതിരിക്കുന്നു; നീ മുന്നു ദിവസത്തിനകം പണിയുമോ എന്നു ചോദിച്ചു. അവനോ തന്റെ ശരീരം എന്ന മന്ദിരത്തെ കുറിച്ചത്രെ പറഞ്ഞത്. അവൻ ഇതു പറഞ്ഞു എന്ന് അവൻ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേറ്റശേഷം ശിഷ്യന്മാർ ഓർത്തു തിരുവെഴുത്തും യേശു പറഞ്ഞ വചനവും വിശ്വസിച്ചു (യോഹന്നാൻ 2:19-22). യേശുവിനോട് ഒരു അടയാളം ചെയ്തുകാൺമാൻ ആഗ്രഹിച്ചു ആവശ്യപ്പെട്ട ജനത്തോട് യേശു പറഞ്ഞു, "ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു; യോനാ പ്രവാചകന്റെ അടയാളമല്ലാതെ അതിന് അടയാളം ലഭിക്കുകയില്ല. യോനാ കടലാനയുടെ

വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും (മത്തായി 12:39, 40). യേശു ശാരീരികമായി ജീവിച്ചിരുന്നപ്പോൾ പറഞ്ഞതായ ഈ കാര്യങ്ങളെല്ലാം ശിഷ്യന്മാർ അവൻ ഉയർത്തെഴുന്നേറ്റു വന്നപ്പോൾ ഓർക്കുകയും അവരുടെ വിശ്വാസം ഉറപ്പിക്കുകയും ചെയ്തു.

യേശു ഒരിക്കൽ പന്തിരുവരെ കൂട്ടി യെരുശലേമിലേക്ക് പോയി അവരോട്, ഇതാ മനുഷ്യപുത്രനെ കുറിച്ച് പ്രവാചകന്മാർ എഴുതിയിരിക്കുന്നത് എല്ലാം നിവർത്തിയാകും. അവനെ ജാതികൾക്ക് ഏൽപിച്ചുകൊടുക്കയും അവർ അവനെ പരിഹസിച്ച് അപമാനിച്ച് തുപ്പി തല്ലിയിട്ട് കൊല്ലുകയും മൂന്നാം നാൾ അവൻ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും എന്നു പറഞ്ഞു. അവരോ ഒന്നും ഗ്രഹിച്ചില്ല. ഈ വാക്ക് അവർക്ക് മറവായിരുന്നു (ലൂക്കൊസ് 18:31-34). അങ്ങനെയുള്ള ശിഷ്യന്മാർക്ക് അവന്റെ ഉയർത്തെഴുന്നേൽപിനു ശേഷം അത്ഭുതാവഹമായ മാറ്റം സംഭവിച്ചു. "എന്നാൽ പതിനൊന്നു ശിഷ്യന്മാർ യേശു അവരോട് കൽപിച്ചിരുന്ന മലക്ക് പോയി. അവനെ കണ്ടപ്പോൾ അവർ നമസ്ക്കരിച്ചു; ചിലരോ സംശയിച്ചു. യേശു അടുത്തു ചെന്ന് അവർക്ക് മഹത്തായ ആജ്ഞകൊടുക്കുകയും താൻ അവരോടുകൂടെ ലോകാവസാനത്തോളം ഉണ്ടാകും എന്നും വാഗ്ദാനം ചെയ്തു.

പെന്തെകൊസ്തുനാളിൽ യെരുശലേം ദൈവാലയത്തിൽ കൂടിവന്ന അപ്പൊസ്തലന്മാർക്ക് അഗ്നിജ്വാല പോലെയുള്ള നാവുകൾ പ്രത്യക്ഷമാകുകയും അന്യഭാഷകളിൽ ദൈവത്തിന്റെ വൻ കാര്യങ്ങൾ സംസാരിക്കുകയും അന്നു മൂവായിരം പേർ സ്നാനമേറ്റു കർത്താവിന്റെ സഭയോട് ചേർക്കപ്പെടുകയും ചെയ്തു. അങ്ങനെ സഭ അഥവാ രാജ്യം സ്ഥാപിതമായി. പിന്നീട് അവർ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും രാജ്യത്തിന്റെ സുവിശേഷവുമായി പോയി. വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്ന കർത്താവിന്റെ രക്ഷാദൂത് അവർ സകല ജനത്തോടും അറിയിച്ചുകൊണ്ടിരുന്നു. അതു തുടർന്നുവരുന്നു.

*Watch!*

# SATHYANADAM

## TV PROGRAME

### TRUE GOSPEL MESSAGE

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!